മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സമരം ഒത്തുതീർപ്പായി. ഒത്തുതീർപ്പുവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ 614 തൊഴിലാളികളെ 1969 ഡിസംബർ മാസത്തിലും, 1970 ജനുവരി, ഫെബ്രുവരി മാസങ്ങളിലും പിരിച്ചുവിട്ടതും, അതിനോടു ബന്ധപ്പെട്ടതും പ്രസക്തങ്ങളുമായ എല്ലാ കാര്യങ്ങളും അഡ്ജൂഡിക്കേഷനു വിട്ടുകൊണ്ടു ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സമരം തുടങ്ങുന്ന സമയത്ത് എത്ര തൊഴിലാളികൾ പുറത്തായിരുന്നു എന്നും സമരം അവസാനിച്ചപ്പോൾ എത്ര തൊഴിലാളികൾ അകത്തായി എന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിന്റെ കൃത്യമായ കണക്ക് ഗവൺമെൻറിന്റെ കൈയിലില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മാർക്സിസ്റ്റ് എം. എൽ. എ. മാർ സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടത്തിവരവെ ബഹുമാനപ്പെട്ട ഏതാനും ചില എം. എൽ. എ. മാർ അവർ രാജ്യത്തിനു പ്രിയപ്പെട്ടവരായതുകൊണ്ട് സ്വയം നിരാഹാരസത്യാഗ്രഹം നിറുത്തിവച്ചതായി പത്രത്തിൽ വായിക്കുകയുണ്ടായി. അതുസംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും വിവരമുണ്ടോ?

മി. സ്പീക്കർ: അവർ നിരാഹാര സത്യാഗ്രഹം നിറുത്തിവച്ചത് അവരുടെ കാര്യമാണ്. ഗവൺമെൻറ് എന്തിനാണ് അതേപ്പറ്റി ആലോചിക്കുന്നത്?

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഞാൻ ഇതുമായി ബന്ധപ്പെട്ട ചോദ്യമാണ് ചോദിക്കുന്നത്.

മി. സ്പീക്കർ: 453-നു കൂടി ഉത്തരം പറയണം.

ട്രാൻസ്പോർട്ടുസമരം

* 123 (453) ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് ട്രാൻസ്പോർട്ടു സമരത്തിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനുള്ള സംഭാഷണങ്ങൾ നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ സംഭാഷണത്തിന്റെ ഫലമെന്താണെന്നു വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ & ബി) ഇതിന്റെ ഉത്തരവും ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ഒത്തുതീർപ്പുണ്ടാക്കാനുള്ള സംഭാഷണങ്ങൾ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം അഡ്ജൂഡിക്കേഷനുവിട്ടുകൊണ്ട് ഉത്തരവുണ്ടായി.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സെക്രട്ടേറിയറ്റ് നടയിൽ 10 എം. എൽ. എ. മാർ നിരാഹാരസത്യാഗ്രഹം നടത്തി വരികയായിരുന്നു. ഏതാനും ചില എം. എൽ. എ. മാരുടെ ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ വേറെ ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാർ നിരാഹാരസമരം പ്രഖ്യാപിച്ചിട്ട് പിന്നീട് അവരുടെ ജീവൻ രാജ്യത്തിനു വിലപ്പെട്ടതാണെന്നു പറഞ്ഞിട്ട് നിരാഹാര സത്യഗ്രഹം അവസാനിപ്പിക്കുകയുണ്ടായി. ഇതിനെസംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും വിവരമുണ്ടോ; അവർ നിരാഹാരസത്യഗ്രഹം സ്വാഭാവികമായി പിൻവലിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: 10 എം. എൽ. എ. മാർ നിരാഹാര സത്യഗ്രഹം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ അവരുടെ ആരോഗ്യത്തെസംബന്ധിച്ച് അന്വേഷിക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് ഡാക്ടർമാർ എല്ലാ ദിവസവും അവരെ പരിശോധിച്ച് റിപ്പോർട്ടുകൾ ഗവൺമെൻറിനു സമർപ്പിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിലാണ് ഒരു ദശയിൽ അവരെ ആശുപത്രിയിലേക്കു മാറ്റിയത്. അതിനുശേഷം വീണ്ടും ഏതാനും ചില എം. എൽ. എ.മാർ സത്യഗ്രഹം അനുഷ്ഠിക്കുകയുണ്ടായി. അവസാനം ഈ പ്രശ്നം അഡ്ജൂഡീക്കേഷനു വിട്ടതിൻെറ അടിസ്ഥാനത്തിൽ പിൻവലിച്ചു എന്നാണ് മനസിലാക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ഒത്തുതീർപ്പു നടന്ന സമയത്ത് അതു സംബന്ധിച്ച് അറസ്റ്റുചെയ്തു ശിക്ഷിക്കപ്പെട്ടു ജയിലിൽ കിടക്കുന്ന ആളുകളെ മോചിപ്പിക്കുമെന്ന് ധാരണ ഉണ്ടായിട്ടുണ്ടോ; അതനുസരിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇപ്പോഴും വളരെയധികം ആളുകൾ ജയിലിൽ കിടക്കുന്നുണ്ടെന്ന് ഗവൺമെൻറിനറിയാമോ അവരെ മോചിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഈ പ്രശ്നം അഡ്ജൂഡിക്കേഷനു വിട്ടതിനുശേഷം പണിമുടക്ക് യൂണിയൻ പിൻവലിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ അക്രമപ്രവർത്തനങ്ങൾ ഉൾപ്പെടാത്ത കേസുകൾ പിൻവലിക്കാൻ നടപടി എടുക്കാമെന്ന് ഞാൻ സമ്മതിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ജയിലിൽ കിടക്കുന്ന ആളുകളുടെ സെൻറൻസ് കാലാവധി റമിറുചെയ്തു അവരെ മോചിപ്പിക്കണമെങ്കിൽ ഓരോ കേസിനെ സംബന്ധിച്ചും പ്രത്യേക ഉത്തരവ് സെക്രട്ടേറിയറ്റിൽനിന്നും പോകണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പിക്കറ്റുചെയ്തു എന്ന കുറ്റം മാത്രമുള്ള ആളുകളെ അറസ്റ്റു ചെയ്തു ശിക്ഷിക്കപ്പെട്ടിട്ടുള്ളവരായി ഉണ്ട്. അവരെ മോചിപ്പിക്കുന്നതിനുള്ള കാലതാമസം എന്താണ്?

ശ്രീ. സി. അച്യുതമേനോൻ: ഇന്ന കേസിൽ ഇന്ന ആളെ ഇന്ന ജയിലിൽ ഇത്ര ദിവസത്തേക്ക് ശിക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിട്ടുള്ള റിപ്പോർട്ടു കിട്ടണം. എന്നിട്ട് ഇവിടെനിന്ന് സെക്രട്ടേറിയറ്റിൽ നിന്ന് ആർഡേഴ്സ് പോകണം. അത് അയയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടുന്ന മുറയ്ക്ക് ഉത്തരവു കൊടുക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സമരം തുടങ്ങിയതിനുശേഷം ട്രാൻസ്ഫർ ചെയ്തിട്ടുള്ള ആളുകളുടെ ട്രാൻസ്ഫർ പ്രാബല്യത്തിൽ വരികയില്ലെന്നും പഴയ ജോലിസ്ഥലത്തുതന്നെ അവരെ നിയമിക്കുമെന്നും വല്ല വ്യവസ്ഥയും ഉണ്ടായിട്ടുണ്ടോ; അതുപോലെതന്നെ പ്രൊട്ടക്റ്റഡ്വർക്കേഴ്സിനെ സ്ഥലം മാറ്റുകയില്ലെന്ന് രേഖാമൂലമായ വ്യവസ്ഥ കാണുകയുണ്ടായി. എന്നാൽ എറണാകുളം ഡിസ്ട്രിക്ട് എംപ്ലോയീസ് അസോ

LIBRARY ARCHIVES Kerala Legislative Assembly

സിയേഷൻ പ്രസിഡൻറിനെ സ്ഥലം മാറ്റികൊണ്ടുള്ള ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

ശ്രീ. കെ. എം. ജോർജ്: ഈ സമരം സംബന്ധിച്ച് പ്രൊട്ടക്ഷൻ വർക്കേഴ്സിനെ ആരേയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ അവരുടെ കാര്യംമാത്രം പരിശോധിക്കുമെന്നും അവരെ തിരിച്ച് അവരുടെ പഴയ സ്ഥാനത്തേക്കു മാറ്റുമെന്നും മാത്രമേ ഗവൺമെൻറ് സമ്മതിച്ചിട്ടുള്ളൂ; മറുഭാഗത്തുനിന്ന് ആവശ്യപ്പെട്ടിട്ടുമുള്ളൂ. സമരത്തിൻെറ മദ്ധ്യത്തിൽ എവിടെയെങ്കിലും സാഹസികപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, അതുപോലെ കോർപ്പറേഷനു എതിരായി പ്രവർത്തിക്കുകയോ ചെയ്തിട്ടുള്ള ആളുകളുടെകാര്യം ഉന്നയിച്ചിട്ടുപോലുമില്ല.

ഡാക്ടർ ജോർജുതോമസ്: മാർക്സിസ്റ്റ് എം. എൽ. എ. മാർ സമരം പിൻവലിച്ചത് അവർ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആ പ്രശ്നം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനു വിട്ടുകൊടുക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചതാണോ അതോ തളർന്നതുകൊണ്ടാണോ?

ശ്രീ. കെ. എം. ജോർജ്: സമരം തുടങ്ങിയ രണ്ടുനാലു ദിവസത്തിനകം ഒരു ഡിസ്ട്രിക്ട് ജഡ്ജിയെക്കൊണ്ട് പ്രശ്നം മുഴുവനും പരിശോധിപ്പിക്കാനും അദ്ദേഹത്തിൻെറ തീരുമാനപ്രകാരം വേണ്ടതു ചെയ്യാനും ഗവൺമെൻറ് സന്നദ്ധമാണെന്നു പറഞ്ഞിരുന്നതാണ്. ഇപ്പോഴും അതു തന്നെയാണ് ഉണ്ടായിരിക്കുന്നത്. എം. എൽ. എ. മാരുമായി കൂടിയാലോചനകൾ നടന്ന് അങ്ങനെ ഒത്തുതീർപ്പ് ഉണ്ടാകുകയും ചെയ്തു. സത്യഗ്രഹം മൂലം ധാർമ്മികമായ സ്വാധീനം ചെലുത്തി എന്നു വരുന്നതിൽ ഗവൺമെൻറിനു യാതൊരു ആക്ഷേപവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ട്രാൻസ്ഫർ ചെയ്തിട്ടുള്ള ആളുകളെ ട്രാൻസ്ഫർ ഉത്തരവ് ക്യാൻസൽ ചെയ്ത് പഴയസ്ഥലത്തുതന്നെ ഇരുത്താമെന്നു പറഞ്ഞു. എറണാകുളം ഡിസ്ട്രിക്ട് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡൻറ് ശ്രീ. സദാശിവൻപിള്ളയെ സ്ഥലംമാറ്റിയിട്ടുള്ള ഉത്തരവ് ഇപ്പോഴും പിൻവലിച്ചിട്ടില്ലെന്നും, ഒരുദിവസത്തേക്ക് പഴയ സ്ഥലത്തു മാറ്റിയിട്ട് ഡി. ടി. ഒ. യുടെ ഓർഡർ അനുസരിച്ച് വീണ്ടും പഴയസ്ഥലത്തുതന്നെ നിയമിച്ചിട്ടുള്ളതായും അറിയാമോ?

ശ്രീ. കെ. എം. ജോർജ്: എറണാകുളം ഡിസ്ട്രിക്ടിൽ ഒരാളിൻെറ കാര്യത്തിൽമാത്രമേ പരാതിയുള്ളൂ എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതനുസരിച്ച് അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ ഗണപതി: സർ, ട്രാൻസ്പോർട്ട് സമരം ഏർപ്പെട്ടതിൽ 614 എംപ്ലോയീസ്കളെ വേലയിലിരുന്ത് നീക്കം സെയ്തനർ. ഇത് അരസാങ്കത്തിനുടൈ കുറ്റമാ അല്ലത് പാവപ്പെട്ട ഏഴൈ തൊഴിലാളർകളത് കുറ്റമാ എൻപതൈ പരിശീലനൈ സെയ്തു പിരിത്തനുപ്പിടപ്പെട്ട തൊഴിലാളർകളൈ തിരുമ്പ വേലയിൽ അമർത്ത ഉത്തരവു നൽകപ്പടുമാ?

ശ്രീ. കെ. എം. ജോർജ്: അത് കുറ്റം ചെയ്തവരുടെ മേലുള്ള നടപടികളുടെ കാര്യമല്ലായിരുന്നു. കുറ്റത്തിൻെറ പ്രശ്നമല്ല, നിയമാനുസരണം നിയമനം കിട്ടാത്തവരുടെ കാര്യത്തിൽ ഗവൺമെൻറ് എടുക്കേണ്ട നടപടിയാണ് എടുത്തത്. കുറ്റം ചെയ്തു എന്നു പറയുന്നവരുടെ പേരിൽ നടപടി എടുക്കുന്നതിന് ചില കാര്യങ്ങൾ നടപ്പിലുണ്ട്. വിജിലൻസ് കമ്മീഷണറുടെ സാനറിപ്പോർട്ട് കിട്ടികഴിഞ്ഞാൽ നിയമാനുസരണം ചെയ്യേണ്ടതു ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട ഈ സംഗതിയിൽ തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഹാജരായത് ആരെല്ലാമാണെന്നു പറയാമോ; മുൻ ട്രാൻസ്പോർട്ട് മന്ത്രി ഹാജരായിട്ടുണ്ടായിരുന്നോ?

ശ്രീ. കെ. എം. ജോർജ്: മുഖ്യമന്ത്രിയും ഞാനും ഉൾപ്പെടെ പല സംഭാഷണങ്ങളും നടന്നു. അപ്പോൾ വിവിധ യൂണിയനുകളുടെ പ്രതിനിധികളും എല്ലാവരുംതന്നെ സംബന്ധിച്ചിരുന്നു. മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ട അഴിക്കോടൻ, ഒ. ജെ. ജോസഫ് എന്നീ രണ്ടു പേരും, സുരേന്ദ്രനാഥ്, ആർ. ബാലകൃഷ്ണപിള്ള, വരദരാജൻനായർ മുതലായി മറ്റു തൊഴിലാളി നേതാക്കൻമാരും എല്ലാവരുംതന്നെ എല്ലാ സന്ദർഭങ്ങളിലും ആദ്യവസാനം ചർച്ചകളും നടത്തുകയും അവസാനം ഒത്തുതീർപ്പുണ്ടാവുകയുമാണ് ഉണ്ടായത്.

ശ്രീ. കെ. ഐ. രാജൻ: തൊഴിൽ തർക്കങ്ങളും ഒത്തുതീർപ്പിലെത്തിയാൽ പണി മുടക്കു നടന്ന അവസരത്തിലുണ്ടായ സംഗതികളെല്ലാംതന്നെ ആ തൊഴിൽ തർക്കം ഒത്തുതീർപ്പിൽ എത്തുന്നതോടുകൂടി പിൻവലിക്കുന്ന കീഴ്വഴക്കം മുൻ ഗവൺമെൻറിന്റെ കാലത്തുണ്ടായിരുന്നു. ആ കീഴ്വഴക്കം അതേപടി തുടരാൻ ഈ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ആ കീഴ്വഴക്കം അനുകമം ഉൾപ്പെടാത്ത കേസുകളിൽ പരിപാലിക്കുന്നതാണ്. അത് ഈ ഗവൺമെൻറും തുടരുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സത്യാഗ്രഹത്തെസംബന്ധിച്ചും, പിക്കറിംഗിനെസംബന്ധിച്ചും എടുത്തിട്ടുള്ള കേസുകളിൽ ഏതെങ്കിലും വകുപ്പുകൾ ഇന്നയിന്ന വകുപ്പുകളിൽ ഉൾപ്പെടുത്താമെന്നും, ഇഷ്ടംപോലെ ഏതു വകുപ്പിലും ഉൾപ്പെടുത്താമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഓരോ കേസുകളും എടുക്കുമ്പോൾ ഇന്ന വകുപ്പുപ്രകാരമായിരിക്കണമെന്നു നിർദ്ദേശം കൊടുക്കുന്ന ഏർപ്പാടില്ല. അങ്ങനെ നിർദ്ദേശം കൊടുത്താൽ പോലീസ് അതനുസരിച്ച് നടപടി സ്വീകരിക്കാറുമില്ല. പിക്കറിംഗിനെസംബന്ധിച്ചു വയലൻസോ, മറ്റുരീതിയിലുള്ള കേസുകളും ഉണ്ടോ എന്നു പരിശോധിക്കാതെ പറയാൻ സാധിക്കുകയില്ല. പോലീസ് സ്വതന്ത്രമായും നിയമാനുസരണവുമാണ് കേസുകൾ എടുത്തിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: പോലീസ് കേസെടുത്തിട്ടുള്ളതിൽ ഈ സഭയിലെ ഒരംഗമായ ശ്രീ. പ്രഭാകരത്തണ്ടാരുടെ പേരിലും പിക്കറുചെയ്തു എന്നുള്ള കാരണംകൊണ്ട് 440 വകുപ്പ് അനുസരിച്ച് കേസ്സെടുത്തിട്ടുണ്ട്. അവിടെ വയലൻസ് നടത്തിയിട്ടുള്ളതായി ആർക്കും തന്നെ പരാതിയുമില്ല. ലാത്തിച്ചാർജ്ജും മറ്റു കാര്യങ്ങളൊന്നുംതന്നെ നടന്നിട്ടുമില്ല. ആ നിലയിൽ 440 വകുപ്പു അനുസരിച്ച് ഈ സഭയിലെ ഒരു മെമ്പറുടെ പേരിൽ കേസ്സു എടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. ജോർജ്: അങ്ങനെ പോലീസ് ബഹുമാനപ്പെട്ട തണ്ടാരുടെ പേരിൽ ആവശ്യമില്ലാത്ത വകുപ്പു ചേർത്ത് കേസെടുത്തിട്ടുള്ളതായി ഞാൻ ഇപ്പോഴാണറിയുന്നത്. തെറ്റായി വല്ലതുമുണ്ടോ എന്നന്വേഷിക്കാം. സാധാരണഗതിയിൽ അങ്ങനെ വരാൻ സാധ്യതയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ നിയമസഭയിൽ അങ്ങ് ഇഷ്യുചെയ്ത ബുള്ളറിനിൽ 440–ാംവകുപ്പ് ഉൾപ്പെടുത്തിയാണ് അറസ്റ്റു ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെന്ന് ഞങ്ങളെ അങ്ങ് അറിയിച്ചിട്ടുള്ളതാണ്. അതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. കെ. എം. ജോർജ്: അതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും അന്വേഷണത്തിൽനിന്നും പോലീസ് ന്യായമായി ചെയ്തുവെന്നാണ് മനസ്സിലായിട്ടുള്ളത്. ഗൗരിയമ്മ അങ്ങനെയല്ലെന്നു പറയുകയുണ്ടായി. അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ഇക്കാര്യത്തെപ്പറ്റി ആലപ്പുഴ ഡി. എസ്. പി.യുമായി സംസാരിച്ചപ്പോഴും അദ്ദേഹവും സംശയം പ്രകടിപ്പിച്ചിരിക്കുകയാണ്. ആവശ്യമില്ലാതെ ചേർത്തതാണെന്ന് അവിടത്തെ പോലീസുദ്യോഗസ്ഥൻ പറഞ്ഞതിനുശേഷവും ഏതു പോലീസുദ്യോഗസ്ഥനാണ് ന്യായമായ വിധത്തിലാണു ചെയ്തതെന്നു മന്ത്രിയെ അറിയിച്ചത്?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെമ്പർക്ക് നിയമം അറിയാം സബ്ജൂഡിസ് ആയിട്ടുള്ളതു പറയുന്നതുശരിയല്ല. കേസ്സു നിലവിലിരിക്കുകയാണ്. എന്തെങ്കിലും തെറ്റായിട്ട് ഉണ്ടെങ്കിൽ അന്വേഷിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്രയും വലിയ സമരം 31 ദിവസം നടന്നിട്ടും, പല ആയുധങ്ങളും ഉപയോഗിച്ച് പല അക്രമ പ്രവർത്തനങ്ങളും നടന്നിട്ടും വകുപ്പുകൾ പ്രയോഗിക്കുന്നതിൽ ഒരു സ്ഥലത്തേ തെറ്റു പറ്റിയിട്ടുള്ളു എന്നു കാണുന്നതിൽ ഞാൻ ആശ്വസിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. പ്രഭാകരതണ്ടാരെ ഈ കേസിൽ അറസ്റ്റുചെയ്തശേഷം വിലങ്ങുവച്ചാണ് കോടതിയിലേയ്ക്കു കൊണ്ടു പോയിട്ടുള്ളതെന്നു റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. അങ്ങനെ വിലങ്ങുവച്ച പോലീസിനെതിരായി നടപടിയെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഈ വിവരം ഇപ്പോഴാണ് അറിയുന്നത്, ഇതുവരെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും ക്രമവിരുദ്ധമായി ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും ശ്രീ. തണ്ടാരുടെ കാര്യമായാലും മറ്റു ആരുടെ കാര്യമായാലും ഗവൺമെൻറ് ന്യായമായി അന്വേഷിക്കാനും എന്തു നടപടിയാണോ വേണ്ടത് അതു നടത്താനും തയ്യാറാണ്.

ശ്രീ. എ. വി. ആര്യൻ: ക്രമവിരുദ്ധമായിയാതൊന്നും പോലീസ് പെരുമാറിയിട്ടില്ലെന്നും സത്യാഗ്രഹത്തിൽ പങ്കെടുത്തു എന്ന കാരണംകൊണ്ട് കേസ് ചാർജ്ജു ചെയ്തിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്, സത്യാഗ്രഹം നടത്തി എന്ന ഒരൊറ്റ കാരണം കൊണ്ട് 151—ാം വകുപ്പനുസരിച്ച് കേസ്സു ചാർജ്ജു ചെയ്തിട്ടുള്ളതായി നിരവധി സംഭവങ്ങളുണ്ടെന്ന് അതങ്ങനെയല്ലെന്ന് ഒരു പോലീസുകാരൻ എഴുതിവിട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പറയുന്നതു ശരിയാണോ; അതിനെക്കുറിച്ച് ഒരന്വേഷണം നടത്താൻ തയ്യാറുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട ആര്യൻ പറഞ്ഞതുപോലെ സത്യാഗ്രഹം നടത്തിയെന്നുള്ളതു മാത്രം കൊണ്ട് പോലീസ് കേസ്സു ചാർജ് ചെയ്തിട്ടുള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുള്ള യാതൊരു പതിവുമില്ല. സത്യാഗ്രഹമെന്നു പറഞ്ഞു പല പരിപാടികളും നടത്തുമ്പോൾ വകുപ്പുകൾ വരും, കേസുകൾ ചാർജ്ജു ചെയ്യും, അങ്ങനെ ചെയ്യേണ്ടതാണ്. അതിനെപ്പറ്റി അന്വേഷിച്ചിട്ടു കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: അന്വേഷണത്തിനു തയ്യാറുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

മി. സ്പീക്കർ: തയ്യാറുണ്ടെന്നു പറഞ്ഞല്ലോ? ബഹുമാനപ്പെട്ട മെമ്പർ ഇൻഫർമേഷൻ കൊടുത്താൽ തീർച്ചയായും അന്വേഷണം നടത്താമെന്നു ബഹുമാനപ്പെട്ട ശ്രീമതി. കെ. ആർ. ഗൗരി പറഞ്ഞതിനും മന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: പിക്കറിംഗ് നടത്തിയിട്ടുള്ള പ്രവർത്തകരെ പിക്കറിംഗ് നടത്തിയ സ്ഥലത്തുവച്ചും വാനിൽവച്ചും അതുകഴിഞ്ഞതിനു ശേഷം ലോക്കപ്പിൽവച്ചും മർദ്ദിച്ചിട്ടുണ്ട്. കായംകുളത്ത് ഇതുപോലെയുള്ള സംഭവങ്ങൾ നടന്നിട്ടുണ്ട്; രണ്ടുദിവസം ഇതു നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട ഗൗരിയമ്മ ആ സ്ഥലത്തുവച്ച് സംഭവം നടന്നത് എന്താണെന്നുള്ളതു പറഞ്ഞിട്ടില്ല. പിക്കറിംഗ് എന്നു പറഞ്ഞു പല സ്ഥലത്തും പോലീസ് മാറാൻ ചെല്ലുമ്പോൾ വയലൻസ് ഉണ്ടാകും; പോലീസിനെ കടന്നാക്രമിക്കുന്ന സംഭവങ്ങളുണ്ടാകും. എന്തു സംഭവമാണ് കായംകുളത്തു നടന്നിട്ടുള്ളതെന്ന് അറിവില്ല.

ശ്രീമതി കെ. ആർ. ഗൗരി: കായംകുളത്തു യാതൊരുവിധ റസിസ്റ്റൻസും ഇല്ലാതെ പിക്കറിംഗ് നടത്തിയ ആളുകളെ അറസ്റ്റു ചെയ്ത ഉടൻതന്നെ ആ സ്ഥലത്തുവച്ചും അതുകഴിഞ്ഞതിനുശേഷം വാനിൽ ഇട്ടും പിന്നീടു ലോക്കപ്പിലിട്ടും മർദ്ദിച്ചശേഷം അവരിൽത്തന്നെ എട്ടാളുകളെപോലീസുതന്നെ അന്നേദിവസം ആശുപത്രിയിലാക്കിയ സംഭവം ഉണ്ടായതിനുശേഷവും അങ്ങ് അന്വേഷിച്ചിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. എം. ജോർജ്: പിക്കറിംഗിന്റെയോ അതുപോലെയുള്ള പരിപാടികളുടേയോ മധ്യേ പോലീസ് റസിസ്റ്റു ചെയ്യുമ്പോൾ അവിടെവച്ചുണ്ടാകുന്ന കൈയേറ്റം വേറെയാണ്. ഏതു കേസ്സുകളിൽപെട്ട ആളുകളായിരുന്നാലും ലോക്കപ്പിൽവച്ചു യാതൊരു കാരണവശാലും മർദ്ദനമുണ്ടാകരുതെന്ന് ഗവൺമെന്റ് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെയൊന്നുമല്ല. പരാതികളെസംബന്ധിച്ചു പറഞ്ഞാൽ ഓരോ കാര്യത്തെസംബന്ധിച്ചും പരാതി പറയുന്നു എന്നുമാത്രമേയുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കായംകുളത്ത് കഴിഞ്ഞ മാസം പതിനഞ്ചും പത്തും തീയതികളിൽ പിക്കറു ചെയ്ത സഖാക്കളെ പിക്കറുചെയ്ത സ്ഥലത്തുവച്ചും അതിനുശേഷം വാനിലും അതിനെത്തുടർന്ന് ലോക്കപ്പിൽകൊണ്ടുപോയും മർദ്ദിച്ചത് പ്രമുഖ അഭിഭാഷകരടക്കം ഉള്ള ആളുകളാണ് നേരിട്ടു കാണുകയുണ്ടായി. ആ വിവരം കാണിച്ച് അഭിഭാഷകർതന്നെ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പെറ്റീഷൻ അയച്ചിട്ടും അതിനെ സംബന്ധിച്ചു അന്വേഷിക്കാൻ തയ്യാറില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. എം. ജോർജ്: എന്നല്ല ഞാൻ പറയുന്നത്. ഇതിനെ സംബന്ധിച്ചു എന്റെ ശ്രദ്ധയിൽ ഇതുവരെ കൊണ്ടുവന്നിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: പോലീസ് അറസ്റ്റുചെയ്തതിനുശേഷം ലോക്കപ്പിൽ ആക്കുകയും അതിനുശേഷം ലോക്കപ്പിൽ ഡ്യൂട്ടി നിന്നിരുന്ന ആൾ പിൻമാറുകയും ഉടൻതന്നെ സി. ആർ. പി. അകത്തു കയറി മർദ്ദിക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: സി. ആർ. പി. യെപ്പറ്റി ഇതിലും അധികം പരാതികളും പറഞ്ഞിട്ടുണ്ട്. എങ്കിലും ഇതുപോലെ ഒന്ന് ആദ്യമായി വരികയാണ്. സി. ആർ. പി. യെ പോലീസ് സ്റ്റേഷനിൽ അയയ്ക്കാറില്ല. എന്തു കണ്ടാലും സി. ആർ. പി. യെന്നു വിചാരിച്ചാൽ വിഷമമാകുകയേയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളെസംബന്ധിച്ചിടത്തോളം യാതൊരു വിവരവുമില്ലാത്ത ആളുകളാണെന്നാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം. സി. ആർ. പി.യെപ്പറ്റി ഞങ്ങൾക്കറിയാം. കായംകുളം ലോക്കപ്പിൽ കൊണ്ടുചെന്നതിനുശേഷം ലോക്കപ്പിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരൻ പിൻവലിയുകയും സി. ആർ. പി. അകത്തു കയറി നീചമായി മർദ്ദിക്കുകയും ചെയ്തുവെന്ന് അഭിഭാഷകർ അടക്കം മുഖ്യമന്ത്രിയേയും ആഭ്യന്തരമന്ത്രിയേയും അറിയിച്ചതിനുശേഷം അന്വേഷണം നടത്താൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ): അഭിഭാഷകരടക്കം നൽകിയിട്ടുള്ള ഒരു പെറ്റിഷനും എനിക്ക് ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആഭ്യന്തരമന്ത്രിയുടെ ഓഫീസിൽനിന്നും മറുപടി കിട്ടിയിട്ടുണ്ട്.

മി. സ്പീക്കർ: ഇവിടെ ഒരു ചർച്ച നടക്കാൻ പോകുകയാണ്. ആ സമയത്ത് ഇക്കാര്യങ്ങളെല്ലാം പറയാം.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: പോലീസ് വാനിലും ലോക്കപ്പിലുമിട്ട് തല്ലിയെന്നു വളരെ ഉത്തരവാദിത്വത്തോടുകൂടി ഈ സഭയിലെ ഒരു മെമ്പർ (നമ്പീശൻമാസ്റ്റർ) പെറ്റിഷൻ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓർഡർ ഇഷ്യൂ ചെയ്തുകാണുമെന്നാണ് അറിയുന്നത്. എം. എൽ. എ. യെപ്പോലെയുള്ള ആളുകളെ ലോക്കപ്പിലിട്ടു തല്ലിയതായി അദ്ദേഹംതന്നെ പറഞ്ഞാൽ എന്തെങ്കിലും നീതിബോധം ഗവൺമെന്റിനു ഉണ്ടെങ്കിൽ ആദ്യം ആ ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തിട്ടു അന്വേഷണം നടത്തേണ്ടതല്ലേ? ആ അന്വേഷണത്തിൽ എം. എൽ. എ. പറഞ്ഞതു കളവാണെങ്കിൽ, അതു ബോധ്യപ്പെടുകയാണെങ്കിൽ വേണ്ട നടപടിയെടുക്കുക. പക്ഷേ എം. എൽ. എ. പറയുന്നത് എന്നെ തല്ലിയെന്നാണ്. അദ്ദേഹം കേട്ടതല്ല, കണ്ടതല്ല, കൊണ്ടതാണ്. ഇന്നും അദ്ദേഹം ആശുപത്രിയിൽ കിടക്കുകയാണ്. ഇങ്ങനെയുള്ള ഒരു കാര്യത്തിലെങ്കിലും സഭയുടെ അന്തസ്സിനെപ്പറ്റി ഇത്രയേറെ പറയാറുള്ള അപ്പുറത്തിരിക്കുന്ന മെമ്പർമാർ—സഭയിലെ ഒരു മെമ്പർ 'എന്നെതല്ലി' എന്നു പറഞ്ഞു കഴിഞ്ഞാൽ—പോലീസ് ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തിട്ടു അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് പറഞ്ഞിട്ടുള്ളതുപോലെ ശ്രീമാൻ നമ്പീശന്റെ നേരിട്ടുള്ള പരാതിമാത്രമല്ല അതിലും ചെറിയ ആളുകളും പറഞ്ഞാലും അന്വേഷിക്കാം. നിയമാനുസരണം അന്വേഷിച്ചാൽ എന്തെങ്കിലും കുറ്റം ഉണ്ടെങ്കിൽ തീർച്ചയായും നടപടി നടത്തും. അതാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കെ. എം. മാണി: ഗവൺമെന്റും തൊഴിലാളി നേതാക്കൻമാരും തമ്മിൽ ഒത്തുതീർപ്പിനെപ്പറ്റി നടന്ന ചർച്ചയിൽ ലോക്കപ്പു മർദ്ദനം ഉണ്ടായിട്ടുള്ളതായി സ്പെസിഫിക്കായ കാര്യങ്ങളും പറയുകയും അതിനെസംബന്ധിച്ചു അന്വേഷണം നടത്തണമെന്നു ഡിമാൻറു വയ്ക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly